(എ) സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനിയും എത്ര ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്താനുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇവയുടെ കമ്പ്യൂട്ടർവൽക്കരണം എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് അറിയിക്കാമോ;

(ഡി) ഇതിനായി എന്തു തുക വേണ്ടിവരും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) 130 ഓഫീസുകളിൽ ഇനി കമ്പ്യൂട്ടർവൽക്കരണം നടത്തുന്നുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 90 സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർ വൽക്കരണം ഈ സാമ്പത്തിക വർഷം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. അവശേഷിക്കുന്ന 40 ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം 2006-ാം വർഷം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) 3 കോടി 20 ലക്ഷം രൂപ ചെലവ് ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

അഴിയൂർ രജിസ്ട്രാർ ഓഫീസിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

48(1524) ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിലെ അഴിയൂർ സബ്രജിസ്ട്രാർ ഓഫീസിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ കുറവ്മൂലം രജിസ്ട്രേഷൻ പ്രവർത്തനങ്ങളിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഈ ആഫീസിൽ നികത്തപ്പെടാനായി ഒഴിവുകളൊന്നും നിലവിലില്ല.

† അനുബന്ധം - VIII

LIBRARY ARCHIVES Kerala Legislative Assembly